ചികിത്സിക്കുന്നതിനും പ്രസവശ്രുശ്രൂഷയ്ക്കും സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം വാർഡുകളും തോട്ടങ്ങളോടനുബന്ധിച്ച ആശുപത്രികളിൽ സജ്ജീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 24-4-2013-ൽ തന്നെ സർക്കാർ 1959-ലെ കേരള പ്ലാന്റേഷൻ ചട്ടങ്ങൾ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ മേൽനോട്ടം നിർവ്വഹിക്കുന്നതിനും തോട്ടം മേഖലയിലെ ആരോഗ്യ പരിപാലനത്തിനും കേരള പ്ലാന്റേഷൻ മെഡിക്കൽ അഡ്വൈസറി ബോർഡ് പുനസംഘടിപ്പിക്കുന്നതിനുള്ള നടപടികളും സർക്കാർ ആരംഭിച്ചിട്ടുണ്ട്. പ്ലാന്റേഷൻ ഇൻസ്പെക്ടർമാരുടെ യോഗം വിളിച്ചുചേർത്ത് ലയങ്ങളുടെ അവസ്ഥ, കുടിവെള്ള ലഭ്യത, ശൗചാലയങ്ങളുടെ സ്ഥിതി, കാലാവസ്ഥാ സംരക്ഷണ ഉപാധികളുടെ വിതരണം എന്നിവ സംബന്ധിച്ച് പ്രശ്നങ്ങളുണ്ടെങ്കിൽ ആയത് ഇടപെട്ട് പരിഹരിക്കുന്നതിന് വകുപ്പുതല നിർദ്ദേശം നൽകിയിട്ടുണ്ട്. 50 ഏക്കറിന് ഒരു ശൗചാലയം എന്നത് കർശനമായി നടപ്പിലാക്കാനും വെൽഫയർ ആഫീസർമാർ ഇല്ലാത്ത പ്ലാന്റേഷനുകളിൽ 15 ദിവസത്തിനുള്ളിൽ നിയമിക്കാനുള്ള നിർദ്ദേശം നൽകാനും യോഗത്തിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തോട്ടം ഉടമകൾക്കുള്ള ആനുകൂല്യങ്ങൾ

263(2732) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തോട്ടം ഉടമകൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് വ്യക്തമാക്കുമോ?

ഉത്തരം

9-11-20115-ലെ സ.ഉ.(എംഎസ്.)നമ്പർ 166/2015/തൊഴിൽ പ്രകാരം തോട്ടം ഉടമകൾക്കുവേണ്ടി താഴെപ്പറയുന്ന തീരുമാനങ്ങൾ സർക്കാർ എടുത്തിട്ടുണ്ട്:

1. പ്ലാന്റേഷൻ മേഖലയിലെ വൈദ്യുതി നിരക്ക് കുറയ്ക്കുന്നതിന് ബന്ധപ്പെട്ട മാനേജ്മെന്റുകൾ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യേണ്ടതാണ്. കമ്മീഷന്റെ തീരുമാനത്തിനനുസരിച്ച് സർക്കാർ വൈദ്യുതി നിരക്കിൽ മാറ്റം വരുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും തേയില ലേലത്തിന് പങ്കെടുക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിനും ശബരി തേയില പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

3. പ്ലാന്റേഷനുകളിലെ കുടിവെള്ളം, ശൗചാലയങ്ങൾ, റോഡുകളുടെ അറ്റകുറ്റപ്പണി എന്നിവയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപടി സ്വീകരിക്കുന്നതാണ്.

4. തേയില-ലേലം കമ്പനി വിപണി എന്നിവയുടെ അനുപാതം 70:30 എന്നതിൽനിന്നും മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തയക്കുന്നതാണ്.

തൊഴിൽ രഹിത വേതനം

264(2733) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ ആകെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഒരാൾക്ക് നൽകുന്ന പ്രതിമാസ തൊഴിൽ രഹിത വേതനം എത്രയാണെന്ന് അറിയിക്കുമോ;

(സി) നിലവിൽ എത്ര മാസത്തെ തൊഴിൽരഹിത വേതനം കുടിശ്ശികയുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) കുടിശ്ശിക വിതരണം ചെയ്യുവാൻ എത്ര തുക വേണ്ടി വരുമെന്നാണു കണക്കാക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) തൊഴിൽരഹിത വേതനം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കു നൽകുന്നതിനുള്ള പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2015 ആഗസ്റ്റ് മാസം വരെയുള്ള കണക്ക് പ്രകാരം പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ ആകെ എണ്ണം 36,76,490 ആണ്.

LIBRARY ARCHIVES Kerala Legislative Assembly